4904

# ഇ

# മരിക്കാനും പിറക്കാനും പേടി



ഗ്രന്ഥശാല
REGD 72. G.C.S. 2543
4904
- 3 OCT 1993 782

# മരിക്കാനും പിറക്കാനും പേടി

# ഗ്രന്ഥകർത്താവിന്റെ കൃതികൾ

## കവിതകൾ:

അന്തർദാഹം
ചെങ്കതിരുകൾ
നവാതിഥി
ഇതളുകൾ
സാഹിത്യകൗതുകം (4 ഭാഗങ്ങൾ)
സൂര്യകാന്തി
പൂജാപുഷ്പം
നിമിഷം
മുത്തുകൾ
വിശ്വദർശനം
പാഥേയം
വനഗായകൻ
ഓടക്കുഴൽ
മൂന്നരുവിയും ഒരു പുഴയും
ജീവനസംഗീതം
പഥികന്റെ പാട്ട്
നൂറ്റൊന്നു കിരണങ്ങൾ (തർജ്ജമ)
ഗീതാഞ്ജലി ,,
ടാഗോർ

## ഖണ്ഡകാവ്യങ്ങൾ:

വിലാസലഹരി (തർജ്ജമ)
മേഘച്ഛായ ,,

## നാടകങ്ങൾ:

ഇരുട്ടിനുമുമ്പ്
ബുധമവ്യാഴയോഗം (തർജ്ജമ)
മരിക്കാനും പിറക്കാനും പേടി (തർജ്ജമ)
സന്ധ്യ
ആഗസ്റ്റ് 15

## ലേഖനങ്ങൾ:

ഗദ്യോപഹാരം
ലേഖമാല
രാക്കുയിലുകൾ
മുത്തും ചിപ്പിയും

## ബാലസാഹിത്യം:

ഇളംചുണ്ടുകൾ
ഓലപ്പീപ്പി
രാധാറാണി

4904

# മരിക്കാനും പിറക്കാനും പേടി

ജി. ശങ്കരക്കുറുപ്പ്

പ്രസാധകർ:

കറന്റ് ബുക്സ്, തൃശ്ശൂർ.

വില: 0—75

MARIKKYANUM PIRAKKANUM PEDI

First impression: 1958
Second impression: April 1965
Copies 1000
Price Re. 0.75

by
G. SANKARA KURUP

Cover & Blocks: Sankar Blocks
Rights Reserved
Printed at: Current Printers, Trichur
Publishers: CURRENT BOOKS, TRICHUR

# മരിക്കാനാ മടി

പാത്രങ്ങൾ:

കിഴവൻ

നിഴൽ

മോറീസ് മേററർലിങ്ക് ബെൽജിയത്തിലെ പ്രമുഖ ചിന്തകനും നാടകകാരനും ആയിരുന്നു. ബാഹ്യപ്രപഞ്ചസംഭവങ്ങൾക്കല്ല, ആ ദാർശനികകവി പ്രാധാന്യം കല്പിച്ചിരുന്നത്; ഹൃദയത്തിനും ആത്മാവിനും ആണ്. ആ അന്തർമ്മുഖതയും ആദ്ധ്യാത്മികതയും അദ്ദേഹത്തിൻെറ കൃതികളുടെ വിശേഷധർമ്മമാകുന്നു. സമുചിതങ്ങളായ പ്രതീകങ്ങളിലൂടെ ആദർശങ്ങളേയും അനുഭവങ്ങളേയും ആവിഷ്ക്കരിക്കുന്നതിനുള്ള പാടവം അന്യാദൃശമാണെന്നുതന്നെ പറയാം. ആരംഭത്തിൽ അവഗണനത്തിനും അവഹേളനത്തിനും പാത്രമായിരുന്ന മേററർലിങ്ക് അചിരേണ പ്രതിഭാവൈഭവംകൊണ്ടും വ്യക്തിപ്രഭാവംകൊണ്ടും ആരാധനത്തിനും ആദരത്തിനും പാത്രമായിത്തീന്നു.

ഭൗതികവിജ്ഞാനത്തിൻേറയും തൽഫലമായ ജീവിത സൗകര്യങ്ങളുടേയും വളർച്ച മേററർലിങ്ക് കാണാതിരുന്നില്ല; എങ്കിലും അതിനെ മനുഷ്യപുരോഗതിയുടെ ചിഹ്നമായി അംഗീകരിക്കാൻ അദ്ദേഹം മടിക്കുകയാണ്. ആ കവി ചോദിക്കുന്നു:

"അടുത്ത കാലത്തുണ്ടായിട്ടുള്ള കണ്ടുപിടുത്തങ്ങൾ മനുഷ്യൻെറ സാന്മാർഗ്ഗികബോധത്തെ, അവൻെറ സ്വഭാവത്തെ, മനോഭാവത്തെ, പൊതുവേയുള്ള ആശയങ്ങളെ, പ്രതിദിനചിന്തകളെ, ആത്മീയചക്രവാളത്തെ, ഉയർത്തിയിട്ടുണ്ടോ?

"അനുഭവം നേരെ മറിച്ചാണെന്നു തോന്നുന്നു. അതിർവലയങ്ങൾ മാഞ്ഞു് ആകാശം പരക്കുന്നിടത്തോളം അവൻെറ ജീവിതഗൃഹഭിത്തികൾ സങ്കോചിച്ചുവരികയാണ്; മച്ചിന്റെ പൊക്കം കുറഞ്ഞുകുറഞ്ഞു വരികയാണ്. നക്ഷത്രമണ്ഡലത്തെക്കുറിച്ച് അറിവ് അധികമാകുന്നതോടൊപ്പം ഇരുപ്പന്മാർ വിഹരിക്കുന്ന പാതാളത്തിലേയ്ക്കു താഴുകയാണവൻ."

മനുഷ്യന്റെ ധാർമ്മികാധഃപതനത്തിൽ വിഷാദിക്കുന്ന ഒരു കവിയുടെ ശബ്ദമാണിതു്. വിജ്ഞാനം മനുഷ്യനെ ശക്തനാക്കി; പക്ഷേ അവന്റെ ധാർമ്മികസൗന്ദര്യബോധവും മനുഷ്യസ്നേഹവും വളരാതിരിക്കുന്നിടത്തോളംകാലം ആ ശക്തി സംസ്കാരത്തിന്റെ ചിഹ്നമായി പരിണമിക്കയില്ല.

മരണമാണല്ലോ മനുഷ്യബുദ്ധിയെ വിവശവും വ്യാകുലവുമാക്കുന്ന ഒരു ശാശ്വതപ്രമേയം. 'മരണഭയത്തിൽനിന്നാണു്, എല്ലാ മതങ്ങളുടേയും ഉത്ഭവം' എന്നുകൂടി മേറ്റർലിങ്കിനു വാദമുണ്ടു്. "നമ്മളെ കാത്തുകൊണ്ടു നില്ക്കുകയാണു്, മരണം. മരണം അപരിഹാര്യമാണു്." "മരണം അന്ത്യമല്ല, പരമമായ അന്ത്യമല്ല" — ഈദൃശ ചിന്തകൾ അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ അനേകത്ര കാണാം. മരിക്കാൻ മടിക്കുന്ന ഒരു എൺപതുകാരൻ വിട്ടുപോകുന്ന ജീവിതത്തിന്റെ ഉടുപ്പിൻ തുമ്പിൽ പ്രയോജനമില്ലാതെ ദയനീയമായി മുറുകിപ്പിടിക്കുന്നതിന്റെ ചിത്രമാണു് "The old man who does not want to die" എന്ന ഈ ഏകാങ്കത്തിലെ പ്രമേയം. മരണത്തിന്റെ ഏകാന്തതയും അവ്യക്തഗംഭീരതയും ഈ കൃതിയിൽ നിഴലിക്കുന്നു. സൂക്ഷ്മമായ നർമ്മബോധത്തോടുകൂടിയ 'നിഴലി'ന്റെ (മരണത്തിന്റെ) സംഭാഷണം, ജീവിതത്തിന്റെ അഗാധതലം വരെ ഭാവനാഗോചരമാക്കുന്നുണ്ടു്. ആ കിഴവനു മരണം പുതിയ ജീവിതമാണെന്നും ആ പരിണാമം സുഗമമാണെന്നും ഒടുവിൽ അനുഭവപ്പെട്ടിരിക്കണം. മരണത്തെ അതിന്റെ യഥാർത്ഥരൂപത്തിൽ വരയ്ക്കുകയാണു് മേറ്റർലിങ്കിന്റെ തൂലിക ചെയ്തിട്ടുള്ളതു്.

ജി.

[പ്രാണവേദനയെടുക്കുന്ന ഒരു കിഴവൻ കിടക്കുന്ന കിടയ്ക്ക. അരികെ വലിയ ഒരു കരിങ്കുപ്പായംകൊണ്ടു് അടിമുടി മൂടിയ ഒരു നിഴൽ]

കിഴവൻ

എനിക്കു് ഇനി തീരെ സഹിക്കാൻ വയ്യ; വൈദ്യരേ, സഹിക്കാൻ വയ്യ........

നിഴൽ

ഇതു സാരമില്ല, നിങ്ങൾ മരിച്ചോളും.

കിഴവൻ

നിങ്ങൾ എൻെറ ദീനം മാററുമോ?

നിഴൽ

മരിക്കാൻ സഹായിക്കാം, ഞാൻ.

കിഴവൻ

എനിക്കു മരിക്കാനാഗ്രഹമില്ല.

നിഴൽ

ഞാൻ സഹായിക്കാം, മൂപ്പീന്നേ! എത്ര എളുപ്പമാണെന്നോ!

കിഴവൻ

ഘാതകനാണോ നിങ്ങൾ?................ എൻെറ ഭാര്യയേയും കുട്ടികളേയും ഞാൻ വിളിക്കട്ടെ.

നിഴൽ

അവരു വരില്ല. അവക്കറിയാം, ഞാൻ നിങ്ങളുടെ കൂടെ ഉണ്ടെന്നു്.

കിഴവൻ

നിങ്ങൾക്കതു ചെയ്യാൻ പാററില്ല!......... കൊല! കൊല!........ സഹായിക്കണേ, സഹായിക്കണേ!........

നിഴൽ

ഇങ്ങനെ നിലവിളിക്കേ! ഒരു വിഷമവുമില്ലതിന്ന്.

കിഴവൻ

നിങ്ങൾ വൈദ്യനല്ല.

നിഴൽ

സകല രോഗങ്ങളും സംഹരിക്കുന്ന ഒററമൂലിക എന്റെ കൈയിലേ ഉള്ളൂ. ഞാൻ നിങ്ങളുടെ സുഹൃത്താണ്.

കിഴവൻ

എനിക്കു് ഒരു ചങ്ങാതിയുമില്ല. അവരൊക്കെ മരിച്ചു........

നിഴൽ

എന്നാൽ ഞാനിപ്പോഴുമുണ്ടല്ലോ, മരിക്കാതെ.

കിഴവൻ

നിങ്ങളാരാ?

നിഴൽ

ഇനിയും മനസ്സിലായില്ലേ എന്നെ?

കിഴവൻ

ഇല്ല.

നിഴൽ

മൂന്നുകൊല്ലം മുമ്പു ഞാൻ മുന്നറിയിപ്പു തന്നു.

കിഴവൻ

ഞാൻ നിങ്ങളെ ഒരിക്കലും കണ്ടിട്ടില്ല, ഒരിക്കലും.

നിഴൽ

കണ്ടിട്ടില്ല. പക്ഷേ സംസാരിച്ചു ഞാൻ നിങ്ങളോടു്.

കിഴവൻ

ഞാൻ കേട്ടില്ല, എന്നാൽ.

നിഴൽ

നിങ്ങൾക്കു ഞാൻ പറഞ്ഞതു കേൾക്കണമെന്നില്ലായിരുന്നു. പക്ഷേ നിങ്ങളിലെന്തുണ്ടോ, അതൊക്കെ ഞാൻ പറഞ്ഞതു മനസ്സിലാക്കി.

കിഴവൻ

എനിക്കു മനസ്സിലാവുന്നില്ല നിങ്ങൾ പറയുന്നതു്........നിങ്ങൾക്കെന്തു വേണം?........ പോവു, കടന്നു പോവു.

നിഴൽ

പേടിക്കേണ്ട........ ഞാൻ പറയാം, അതെന്താണെന്നു്.

കിഴവൻ

എന്തു്?

നിഴൽ

എൻെറ രഹസ്യം.

കിഴവൻ

എന്തു രഹസ്യം?

നിഴൽ

മഹാരഹസ്യം?

കിഴവൻ

എനിക്കറിയേണ്ട, അതിനെപ്പററി.

നിഴൽ

മരണം എന്താണെന്നു നിങ്ങറം അറിയണം.

കിഴവൻ

എനിക്കു് അതു് അറിയേണ്ടെന്നു പറഞ്ഞില്ലേ ഞാൻ?

നിഴൽ

നിങ്ങളുടെ മുമ്പിലുണ്ടു് അതു്—ഞാൻ മൃത്യുവാണു്.

കിഴവൻ

എന്തു്?

നിഴൽ

ഞാൻ നിങ്ങളുടെ മരണമാണു്.

കിഴവൻ

നിങ്ങറം പരേതനെപ്പോലെ ഇരിക്കുന്നില്ലല്ലോ.

നിഴൽ

ഞാൻ ജീവിക്കുന്നു, അതുകൊണ്ടുതന്നെ.

കിഴവൻ

എനിക്കു വിശ്വാസമാവുന്നില്ല........... കടന്നുപോവു.

നിഴൽ

നിങ്ങറം എന്റെ കൂടെ വരും, വരണം.

കിഴവൻ

[ഗത്യന്തരമില്ലാതെ ശയ്യ മുറുകെപ്പിടിച്ചുകൊണ്ടു്] ഇല്ല, ഒരിക്കലുമില്ല.

നിഴൽ

എൻെറ പിന്നാലെ വരു.

കിഴവൻ

എന്നെ എങ്ങോട്ടു കൊണ്ടുപോകും?

നിഴൽ

പരലോകത്തിലേയ്ക്കു്. അതാണല്ലോ നമ്മുടെ ലോകം.

കിഴവൻ

ഞാൻ വരുന്നില്ല. എനിക്കു പേടിയുണ്ടു്.

നിഴൽ

പേടിയോ, എന്തിനെപ്പററി?

കിഴവൻ

ഞാൻ പാപം ചെയ്തിട്ടുണ്ടു്.

നിഴൽ

മരിച്ചാൽ പിന്നെ പാപമില്ല.

കിഴവൻ

ദൈവം എന്തു കല്പിക്കും?

നിഴൽ

നിങ്ങൾ പറയുന്നതെന്തോ, അതു്.

കിഴവൻ

ദൈവം വിധി കല്പിക്കുമോ?

നിഴൽ

നിങ്ങൾതന്നെ നിങ്ങളുടെ ന്യായാധിപൻ. നിങ്ങൾക്കു നിങ്ങളെ പേടിയില്ലല്ലോ.

കിഴവൻ

ഇല്ല; പക്ഷേ എല്ലാററിനേയും ഭയമാണെനിക്കു്.

നിഴൽ

ഒന്നിനും നിങ്ങളെ ഉപദ്രവിക്കാൻ കഴിയില്ല.

കിഴവൻ

ആരെ കാണാനാണു് നാം പോവുന്നതു്?

നിഴൽ

ആരെയും കാണില്ല.

കിഴവൻ

ആരെയും കാണില്ലേ?

നിഴൽ

മാത്രമല്ല, ആരും നമ്മെയും കാണില്ല.

കിഴവൻ

എന്നെ കേവലം തനിച്ചാക്കിയിട്ടു നിങ്ങൾ പൊയ്ക്കളകയില്ല, ഉവ്വോ?

നിഴൽ

ഞാൻ ഒരിക്കലും വിട്ടുപോവില്ല. എപ്പോഴും കൂടെ ത്തന്നെ ആയിരിക്കും.

കിഴവൻ

നന്ദി. ഞാൻ നിങ്ങളെ വിശ്വസിക്കുന്നു......... എനിക്കു് എന്താണു് പറയാനുള്ളതു്? എന്താണു് ചെയ്യാനുള്ളതു്?

നിഴൽ

നിങ്ങൾക്കൊന്നും ചെയ്യാനുണ്ടാവില്ല, ഒന്നും. വിശ്രമം, തനി വിശ്രമംമാത്രം.

കിഴവൻ

എന്നെക്കണ്ടാൽ എന്തുപോലെ തോന്നും?...... എന്നെ ആരായിട്ടാണവർ ഗണിക്കുക?

നിഴൽ

നിങ്ങളെന്താണോ, അതായിട്ടു്. ഒരു ശാശ്വത സത്യം.

കിഴവൻ

അതു മതിയോ?

നിഴൽ

അതാണു് എല്ലാററിനുമുള്ള ഉത്തരം. അവരെല്ലാവരും ശാശ്വതികരാണു്

കിഴവൻ

എന്തോ തെററു പററിയവനെപ്പോലെയായിരിക്കും, ഞാൻ.

നിഴൽ

മരിച്ചാൽ ഒരാൾ—ഒരിക്കലും തെററുകാരനായിരിക്കയില്ല.

കിഴവൻ

അതേ, അതേ; നിങ്ങൾ പറഞ്ഞതു ശരിയാണു്. എല്ലാം അറിയുന്നില്ല.

നിഴൽ

എല്ലാ ജീവികളെയുംപോലെ. നിങ്ങൾ ഒന്നും ഗ്രഹിച്ചിട്ടില്ല.

കിഴവൻ

നിങ്ങളുടെ വിചാരം ഇതുതന്നെയോ?

നിഴൽ

മരണത്തേക്കാൾ പരമാത്ഥമായിട്ടു ഒന്നുമില്ല.

കിഴവൻ

കേറംക്കു, ഞാൻ നിങ്ങളുടെ കൂടെ വരാൻ ഒരുക്കമാണു്, എനിക്കു ഗത്യന്തരമില്ലാത്തതുകൊണ്ടു്........ ആട്ടെ, ഞാനിവിടെ വിട്ടുപോകുന്നവയുടെ സ്ഥിതി?

നിഴൽ

എല്ലാം അതുപോലെതന്നെ ഇരുന്നുകൊള്ളും.

കിഴവൻ

ഒന്നും എനിക്കു കൊണ്ടുപോകാൻ കഴിയില്ലേ, ഒന്നും?

നിഴൽ

ഒന്നും കൊണ്ടുപോകാൻ പാടില്ല. ഒന്നും വേണ്ടിവരില്ല നിങ്ങറംക്കു്.

കിഴവൻ

ആ കച്ചവടച്ചരക്കിൻെറ കഥയോ?

നിഴൽ

എന്തു ചരക്കു്?

കിഴവൻ

വാണിഭവിനിമയം

നിഴൽ

ഹാ, കൊള്ളാം. എല്ലാം മെച്ചപ്പെട്ടുവരികയാണു്. 666 ഡോളർ കിട്ടും നിങ്ങറംക്കു്.

കിഴവൻ

(ചിരിച്ചുകൊണ്ടു്) സന്തോഷമായെനിക്കു്.

നിഴൽ

എല്ലാവക്കും സന്തോഷമില്ല. നഷ്ടം പററുന്നവരുമുണ്ടു്.

കിഴവൻ

അവരെ ആരു കണക്കാക്കും?....അപ്പോൾ എനിക്കു ലഭിക്കുന്ന വിധിന്യായമനുസരിച്ചായിരിക്കും, ഇല്ലേ?

നിഴൽ

നിങ്ങൾതന്നെയായിരിക്കും നിങ്ങളുടെ ന്യായാധിപൻ; ഞാൻ മുൻപേ പറഞ്ഞല്ലോ.

കിഴവൻ

ഒരന്ത്യവിധിയുണ്ടാകുമോ?

നിഴൽ

എന്തിനു്? എല്ലാം മറക്കും....പാപത്തിനേക്കാൾ വേഗത്തിൽ മറെറാന്നും പഴകിത്തേഞ്ഞു മാഞ്ഞുപോകുന്നില്ല. എന്തെങ്കിലും തെററിനു പരിഹാരം ചെയ്യാൻ മോഹമുണ്ടോ?

കിഴവൻ

ഉം, ഉച്ച്........

നിഴൽ

വളരെ ഗൗരവമുള്ളതൊന്നും അല്ലല്ലോ.

കിഴവൻ

ആണെന്നു് എനിക്കു തോന്നുന്നില്ല.

നിഴൽ

ചെറിയ കളവും വഞ്ചനയും ഒക്കെ, മററുള്ളവരെപ്പോലെതന്നെ. അ, അതുണ്ടാവും.......അനന്തതയിൽ അതൊന്നും ഗണ്യമല്ല.

കിഴവൻ

ഞാൻ വലിയ ഒരപരാധം ചെയ്തിട്ടുണ്ടെന്നുതന്നെ ഇരിക്കട്ടെ, എന്നാലോ?

നിഴൽ

നിങ്ങളോ?....നിങ്ങൾക്കു് അങ്ങനെ ഒന്നു ചെയ്യാനുള്ള ത്രാണിയില്ല.

കിഴവൻ

ഒരാൾക്കും പറയാൻ കഴികയില്ല അങ്ങനെ ഒന്നു ഞാൻ ചെയ്യുമെന്നു്....പോട്ടെ, ഞാൻ ഒരപരാധം പ്രവത്തിച്ചിട്ടുണ്ടെന്നുതന്നെ വെയ്ക്കുക, എന്നാലോ?

നിഴൽ

നിങ്ങൾ നിങ്ങളെ സ്വയം ശിക്ഷിക്കണം.

കിഴവൻ

എന്തിനു്?

നിഴൽ

ഞാൻ പറഞ്ഞാൽ നിങ്ങൾക്ക മനസ്സിലാവില്ല.

കിഴവൻ

മററുള്ളവരെ സന്ദശിക്കുമ്പോൾ നിങ്ങൾ എങ്ങനെയാണു് പെരുമാറുക?

നിഴൽ

മററുള്ളവരെ ഞാൻ സന്ദശിക്കുന്നില്ല. നിങ്ങളെ മാത്രമേ ഞാൻ സന്ദശിക്കുന്നുള്ളു.

കിഴവൻ

എന്നെക്കുറിച്ചുമാത്രമേ അപ്പോൾ നിങ്ങൾക്ക താൽപര്യമുള്ളു?

നിഴൽ

പിന്നെയല്ലാതെ? ഓരോരുത്തനും അവൻെറ മരണം, അതു് അവൻെറ ജീവിതമായിത്തീരും.

കിഴവൻ

അതുതന്നെ, അതാണ് എന്റെ വ്യാകുലത.

നിഴൽ

നിങ്ങൾക്കു പേടിയുണ്ടോ ഉറക്കത്തെ?

കിഴവൻ

ഇല്ല. പിന്നെയും ഉണരുമെന്ന് എനിക്കറിയാമല്ലോ. അതുകൊണ്ട്.

നിഴൽ

മരിക്കുക, എന്നുവെച്ചാൽ ഉണരുകയാണ്.

കിഴവൻ

അങ്ങനെയാണ് പറഞ്ഞുകേൾക്കാറ്. പക്ഷെ അത് അത്ര ഉറപ്പിക്കാവതല്ല.

നിഴൽ

നിങ്ങൾ ഉണൎന്നില്ലെങ്കിൽ എന്നുമെന്നുമുറങ്ങും. ഉറങ്ങുമ്പോൾ നിങ്ങൾക്ക് അസുഖം ഉണ്ടോ?

കിഴവൻ

അതുമിതും ഒന്നുംതന്നെയായിരിക്കയില്ല......എങ്ങനെയായാലും എനിക്കു സംശയമുണ്ട്. ആട്ടെ, എല്ലാററിനുംമുൻപു, ഞാൻ എവിടെയായിരിക്കും! ഞാൻ ഇല്ലാതായിപ്പോവും?

നിഴൽ

എവിടെയായാലും നിങ്ങൾ ഉണ്ടായിരിക്കും. നിങ്ങൾ എപ്പോഴും ശ്രമിക്കണം, നിങ്ങളെ കണ്ടെത്താൻ. എങ്ങനെയായാലും ഞാൻ എപ്പോഴുമുണ്ടായിരിക്കും, നിങ്ങളുടെ കൂടെ.

കിഴവൻ

ഞാൻ എവിടെ ആയിരുന്നാലും?

നിഴൽ

നിങ്ങറം എവിടെയായിരുന്നാലും. ഞാൻ നിങ്ങളായിരിക്കും; നിങ്ങറം ഞാനായിരിക്കും; നാം എല്ലാമായിരിക്കും. അതുകൊണ്ടു്.

കിഴവൻ

എനിക്കു തീരെ മനസ്സിലാവുന്നില്ല.

നിഴൽ

നിങ്ങറം മനസ്സിലാക്കാൻ പഠിക്കണം.

കിഴവൻ

എനിക്കു മനസ്സിലാകാത്തതു് എന്തിനാണു് എന്നോടു പറയുന്നതു്?

നിഴൽ

നിങ്ങറംക്കൊന്നും മനസ്സിലാവാത്തതുകൊണ്ടു്.

കിഴവൻ

ആട്ടെ, നിങ്ങറംക്കറിയാമോ നിങ്ങളെന്താണീപ്പറയുന്നതെന്നു്?

നിഴൽ

ഇല്ലെങ്കിൽ ഞാനിതു നിങ്ങളോടു പറയില്ല.

കിഴവൻ

നിങ്ങറംക്കു് എങ്ങനെ മനസ്സിലാക്കാൻ സാധിക്കുന്നു?

നിഴൽ

നിങ്ങളറിയുന്നതു് എനിക്കറിയാം; നിങ്ങളെന്തായിത്തീരുമെന്നും എനിക്കറിയാം; അതുകൊണ്ടു്.

കിഴവൻ

അതു് ഇപ്പോഠം എന്നെ ഗ്രഹിപ്പിക്കുമോ?

നിഴൽ

നിങ്ങഠം ഉടൽ വിടാത്തോളംകാലം ഇല്ല.

കിഴവൻ

പക്ഷെ, എനിക്കു് എൻെറ ദേഹം വേണമെന്നുണ്ടു്.

നിഴൽ

അതു് ആലോചിക്കയേ വേണ്ട. ശരീരം ഉപേക്ഷിക്കാനുള്ള സമയമായി.

കിഴവൻ

ഞാൻ എൻെറ ദേഹം ഇവിടെ വിട്ടു പോവണമോ?

നിഴൽ

തീച്ചയായിട്ടും. നിങ്ങഠംക്കു് അവിടെ ദേഹംകൊണ്ടെന്താ കാര്യം? ഒരു പ്രയോജനവുമുണ്ടായിരിക്കയില്ല.

കിഴവൻ

കുറച്ചുനേരം, കുറച്ചുനേരംകൂടി താമസിക്കരുതേ നമുക്കിവിടെ?

നിഴൽ

എന്തിനു്? ഇന്നു് അല്ലെങ്കിൽ നാളെ. രണ്ടായാലും എന്താണു് ഭേദം?

കിഴവൻ

ദേഹത്തിൻെറ വില നിങ്ങഠംക്കറിഞ്ഞുകൂടാ. ആ്ക്കമുണ്ടതിനോടു് ആസക്തി. നിങ്ങഠംക്കു ദേഹമുണ്ടോ?

നിഴൽ

ഇല്ല, എൻെറ ദേഹശ്ശൂന്യത മറച്ചുവാനുള്ള ചിറകുകഠം മാത്രമുണ്ടു്.

കിഴവൻ

ആരോ വാതില്ക്കലുണ്ടു്.

നിഴൽ

ഉണ്ടു്. എനിക്കൊച്ച കേഠക്കാം.

കിഴവൻ

അതെൻെറ വയസ്സായ പട്ടിയാണു്, എന്നെ അന്വേഷിക്കയാവും........ഒടുവിൽ അവനെങ്കിലും എന്നെ ഇട്ടെറിഞ്ഞു പോകുന്നില്ലല്ലോ!........വാതിൽ തുറക്കു, അവൻ കടന്നുപോരട്ടെ.

നിഴൽ

അവൻ കടന്നുവരില്ല, ഞാൻ വാതിൽ തുറന്നാൽ.

കിഴവൻ

വാതിൽ ചേൎത്തടച്ചിരുന്നില്ലല്ലോ.....അവനൊന്നുന്തിയാൽ മതി....പ്പൂട്ടോ! പ്പൂട്ടോ! കടന്നുവാ.

[നായ് വാതിലുന്തി തുറക്കുന്നു. കടന്നുവരുന്നു. മുന്നാലടി മുൻപോട്ടു നീങ്ങുന്നു, നിഴലിനെ കാണുന്നു. അവൻ പെട്ടെന്നു പുറവും നോക്കുന്നു. വായും തലയും താഴ്ത്തി പതുക്കെ കടന്നുപോകുന്നു.]

കിഴവൻ

അവനു പേടിയായി.

നിഴൽ

അവൻ ഉദാസീനനാണു്. ഒരു ചൂടില്ല.

കിഴവൻ

അങ്ങനെതന്നെയാണു് ഞാനും.

നിഴൽ

ആൎക്കും പരിചയമാവുമിതു്.

കിഴവൻ

അവരും മരിക്കുമോ?

നിഴൽ

ഒന്നും മരിക്കുന്നില്ല.

കിഴവൻ

അവരെവിടെപ്പോകുന്നു?

നിഴൽ

നമ്മളെല്ലാം പോകുന്നിടത്തു്.

കിഴവൻ

നിങ്ങൾ എങ്ങനെ ഇവിടെ കടന്നുവന്നു?

നിഴൽ

ഭക്ഷണശാലയിലൂടെ.

കിഴവൻ

മററുള്ളവരെ കണ്ടുവോ?

നിഴൽ

ഏതു മററുള്ളവരു്?

കിഴവൻ

ജീവിച്ചിരിക്കുന്നവരു്.

നിഴൽ

ഞാനവരെ കണ്ടു.

കിഴവൻ

അവരെന്തു ചെയ്യുകയായിരുന്നു? അവൎക്ക വല്ല വ്യാകുലതയും ഉള്ളതായി തോന്നിയോ?

നിഴൽ

ഇല്ല........

കിഴവൻ

അവർ വിഷണ്ണരായിരുന്നോ?

നിഴൽ

ഞാനതു ശ്രദ്ധിച്ചില്ല.

കിഴവൻ

ഇനിയും അവരറിയുന്നില്ല.

നിഴൽ

മേശയ്ക്കുചുറവും ഇരിക്കയായിരുന്നു. അവർ ഭക്ഷണസാധനങ്ങൾ നിരത്തി.

കിഴവൻ

അവരെന്താണ് തിന്നിരുന്നതു്?

നിഴൽ

പൊരിച്ച മത്സ്യം.

കിഴവൻ

നല്ല മത്സ്യമായിരുന്നോ അതു്?

നിഴൽ

വലുതു്; പൊൻതവിട്ടുനിറം; പൊരിച്ചതു്.

കിഴവൻ

ഏതു കടൽതീരത്തുനിന്നാണ് അതു പിടിച്ചതു്?

നിഴൽ

അതു് എന്നോടു പറഞ്ഞില്ല.

കിഴവൻ

എനിക്കൊന്നാന്തരം ഒരു അടുക്കളക്കാരനുണ്ട്.

നിഴൽ

എനിക്കറിയാം. നിങ്ങൾ ഉണ്ണുമ്പോൾ ഞാന വിടെ ഉണ്ടായിരുന്നു.

കിഴവൻ

ഞാൻ തീരെ അറിഞ്ഞില്ല.

നിഴൽ

ഭക്ഷണശാലയിലൂടെ കടന്നുവന്നപ്പോൾ നിങ്ങളുടെ മകളെ കണ്ടു ഞാൻ.

കിഴവൻ

അതിലത്ഭുതമില്ല എനിക്ക്.

നിഴൽ

അവളുടെ മരണത്തേയും കണ്ടു ഞാൻ.

കിഴവൻ

എന്തു മരണം?

നിഴൽ

ആ മകളുടെ മരണം.

കിഴവൻ

എന്നാൽ അവൾ ജീവിച്ചിരിക്കുന്നുണ്ടല്ലോ.

നിഴൽ

പക്ഷേ അവളുടെ മരണം ഉണ്ടായിരുന്നു അവിടെ. ഞാൻ സംസാരിച്ചു.

കിഴവൻ

എൻെറ പുത്രിയോടോ?

നിഴൽ

അല്ല, മകളുടെ മരണത്തോടു്. ഞങ്ങൾ, കുലീനതയുള്ള മരണങ്ങൾ, എല്ലാം തമ്മിൽത്തമ്മിൽ പറയും.

കിഴവൻ

എന്തു പറഞ്ഞു അതു്?

നിഴൽ

നിങ്ങളുടെ മകൾ ഇനി വളരെ നാൾ ജീവിച്ചിരിക്കില്ലെന്നു്.

കിഴവൻ

എത്ര നാൾ?

നിഴൽ

മൂന്നുമാസം ആറുദിവസം.

കിഴവൻ

അവൾക്കെന്താ?

നിഴൽ

ഇടത്തെ മൂത്രപിണ്ഡത്തിലർബ്ബുദം.

കിഴവൻ

അവൾക്കു വല്ല സംശയവും തോന്നിയിട്ടുണ്ടോ അതിനെപ്പററി?

നിഴൽ

അതൊരു നടുവേദനയാണെന്നാ അവളുടെ വിചാരം.

കിഴവൻ

അവളുടെ വൈദ്യനോ?

നിഴൽ

നീരു ചുരുങ്ങാനും ശോധനയുണ്ടാവാനും മരുന്നു കൊടുക്കുന്നു അയാറം.

കിഴവൻ

എന്റെ മകളെ ഒന്നറിയിക്കണമല്ലോ.

നിഴൽ

അവറംക്കു മനസ്സിലാവില്ല.

കിഴവൻ

അവളുടെ വൈദ്യനോ?

നിഴൽ

മരണം വൈദ്യന്മാരോടു സംസാരിക്കില്ല.

കിഴവൻ

എന്തുകൊണ്ടു്?

നിഴൽ

അറിയാതെ അവർ മരണത്തെ സഹായിക്കുന്നു.

കിഴവൻ

അവക്കു് അവളുടെ രോഗം മാററാൻ പററില്ലേ?

നിഴൽ

ഇനിയും സാധിച്ചിട്ടില്ല.

കിഴവൻ

അതെങ്കിലും അറിയാമോ അവക്കു്?

നിഴൽ

അവർ പഠിച്ചുവരികയാണു്.

കിഴവൻ

ഈ രോഗം മാററുന്നതിനു് എപ്പോഴാണു് അവക്കു കഴിയുക?

നിഴൽ

കുറഞ്ഞപക്ഷം മൂന്നുകൊല്ലം വേണ്ടിവരും.

കിഴവൻ

എന്തുകൊണ്ടു്?

നിഴൽ

അതാണു് കാലത്തിന്റെ ഇഷ്ടം.

കിഴവൻ

അവരു ജനിച്ചതു കുറച്ചധികം മുൻപായിപ്പോയോ?

നിഴൽ

കാലത്തിനു വേണമെന്നു തോന്നിയപ്പോരു അവരു പിറന്നു.

കിഴവൻ

എപ്പോഴാണു് എല്ലാമവർ അറിയുക?

നിഴൽ

ആരു്?

കിഴവൻ

വൈദ്യന്മാരു്.

നിഴൽ

ആക്കും ഒരിക്കലും എല്ലാം അറിയാൻ കഴികയില്ല.

കിഴവൻ

നിങ്ങരുക്കും?

നിഴൽ

എനിക്കുപോലും.

കിഴവൻ

എന്തുകൊണ്ടു്?

നിഴൽ

അതിൻെറ അപരിമേയതകൊണ്ടു്.

കിഴവൻ

ആട്ടെ, അവക്കു് എൻെറ രോഗം മാററാൻ കഴിയില്ലേ?

നിഴൽ

നിങ്ങൾക്കു എന്താ രോഗം? ഒന്നുമില്ലല്ലോ.

കിഴവൻ

ഞാൻ രോഗിയല്ലെന്നോ? മരിക്കാറായ ഈ ഞാൻ? ഇനി എന്താ എനിക്കു വരേണ്ടതു്?

നിഴൽ

രോഗമല്ല, കാലമാണു് നിങ്ങളെ കൊല്ലുന്നതു്.

കിഴവൻ

ശരി. പക്ഷേ ചിലർ വാൎദ്ധക്യംവരെ ജീവിക്കുന്നു. ചിലർ ചെറുപ്പത്തിൽ മരിക്കുന്നു. ഇതു യുക്തമല്ല.

നിഴൽ

നിങ്ങൾക്കു എൺപതായെന്നു നിങ്ങൾ ഓൎക്കുന്നില്ല.

കിഴവൻ

എൺപതു തികഞ്ഞില്ല.

നിഴൽ

മൂന്നാഴ്ചകൂടി കഴിയണമതിനു്, അല്ലേ? അതുകൊണ്ടു നിങ്ങൾ യുവാവാകയില്ല.

കിഴവൻ

നീതിയല്ല ഇതു്.

നിഴൽ

നീതിയേക്കാറം ഭേദപ്പെട്ട ചിലതുണ്ടു്.

കിഴവൻ

അതെന്താ?

നിഴൽ

ഒരു നിമിഷത്തിനിടയ്ക്കു നിങ്ങറംക്കു കാണാം.

കിഴവൻ

അവരെല്ലാം എന്നെ തനിച്ചാക്കി കടന്നുപോകുന്നു.

നിഴൽ

മരിക്കുമ്പോറം എപ്പോഴും, ഏതുമനുഷ്യനും ഏകാകിയാണു്.

കിഴവൻ

നിങ്ങറം ഭക്ഷണശാലയിലൂടെ പോരുന്നതു് അവർ കണ്ടോ?

നിഴൽ

ജനങ്ങറം എന്നെ ഭക്ഷണശാലയിൽ കാണില്ല. എന്നെ അവർ ശ്മശാനത്തിലാണു് എപ്പോഴും അന്വേഷിക്കുന്നതു്. ഞാൻ ഒരിക്കലും അവിടെ പോകയില്ല. എനിക്കു ശവങ്ങളെ ഇഷ്ടമല്ല.

കിഴവൻ

മററു വല്ല വൈദ്യന്മാരെയോ വിദഗ്ദ്ധന്മാരെയോ വിളിക്കണം.

നിഴൽ

വേദനയുണ്ടാക്കുന്ന വിദഗ്ദ്ധന്മാരെയോ? എനിക്കു അവരെ അറിയാം. അവർ വളരെ താമസിച്ചു വരു

മ്പോഠം ഞാനാണ്" അവരെ സ്വീകരിക്കുക. അവരുടെ രോഗികളെപ്പോലെ അവരും മിക്കവാറും രോഗികളാണു. അവക്ക മാററാൻ സാധിക്കുമെന്നു നടിക്കുന്ന രോഗങ്ങളാൽത്തന്നെയാണ്" അവരുടേയും മരണം.

കിഴവൻ

കുറച്ചുദിവസം അവക്ക ലാഭിക്കാൻ കഴിഞ്ഞെങ്കിലും.

നിഴൽ

ഇങ്ങനെ ലാഭിക്കുന്ന ദിവസങ്ങഠം മററു ദിവസങ്ങളെപ്പോലെത്തന്നെ നഷ്ടപ്പെടും.

കിഴവൻ

ഒരു മണിക്കൂറായാലും.

നിഴൽ

അതും പോകും. ഒന്നും ഭയപ്പെടാനില്ല.

കിഴവൻ

ആശയ്ക്കു വകയില്ലേ?

നിഴൽ

മഹത്തായ ഒരേ ഒരു ആശമാത്രം.

കിഴവൻ

ആ അവസാനത്തെ നിമിഷങ്ങഠം, അതെന്താണെന്നു നിങ്ങഠംക്കറിഞ്ഞുകൂടാ.

നിഴൽ

എനിക്കറിയാം.

കിഴവൻ

എൻെറ വിധി ഉടനെ ഉണ്ടാകുമെന്നു നിങ്ങഠം വിചാരിക്കുന്നുവോ?

നിഴൽ

നിങ്ങളുടെ പുണ്യപാപങ്ങളുടെ വിധി ഇന്നു കല്പിച്ചാലെന്താണു്? ഇരുപതിനായിരം കൊല്ലങ്ങൾക്കിടയ്ക്കു കല്പിച്ചാലെന്താണു്? വല്ല ഭേദവുമുണ്ടോ?

കിഴവൻ

എൻെറ വലിയ പാപങ്ങളൊക്കെ എനിക്കു നിങ്ങളോടു ഏററുപറഞ്ഞാൽക്കൊള്ളാമെന്നുണ്ടു്.

നിഴൽ

അതെന്തെല്ലാമാണെന്നു് എനിക്കറിയാം. സംശയമില്ല. വികൃതിക്കുട്ടികളുടെ കളികൾപോലെമാത്രം. അവയെപ്പററി എന്തിനാണു് ആരെങ്കിലും അത്ര ശ്രദ്ധിക്കുന്നതു്?

കിഴവൻ

എനിക്കു ദൈവത്തെ പേടിയുണ്ടു്.

നിഴൽ

അദ്ദേഹം അത്രമാത്രം മഹാനാണു്. നിങ്ങളെ ഉപദ്രവിക്കുകയോ?

കിഴവൻ

പെട്ടെന്നു ഞാൻ അദ്ദേഹത്തിൻെറ മുമ്പിൽ പെടുക?

നിഴൽ

നിങ്ങൾ അദ്ദേഹത്തെ കാണുകയില്ല.

കിഴവൻ

നിങ്ങൾ കണ്ടിട്ടില്ലേ ഈശ്വരനെ?

നിഴൽ

ഇല്ല.

കിഴവൻ

അതെന്തേ?

നിഴൽ

നമ്മരം അദ്ദേഹത്തിൽ അടങ്ങിയിരിക്കുന്നു. അതു കൊണ്ടുതന്നെ.

കിഴവൻ

എന്നെ തനിച്ചിട്ടു പോകല്ലേ. അവരെല്ലാം എന്നെ ഉപേക്ഷിച്ചു. നിങ്ങരം മാത്രമാണു് എനിക്കുള്ളതു്. ഹാ, ദയചെയ്തു കൈതരൂ. എന്നെ രക്ഷിക്കണേ! രക്ഷിക്കണേ!

നിഴൽ

ആരിൽനിന്നു്, ആരിൽനിന്നു്?

കിഴവൻ

(മരണത്തിൻെറ കൈയിൽ തൂങ്ങിക്കൊണ്ടു്) എല്ലാത്തിൽനിന്നും, നിങ്ങളിൽനിന്നും, എല്ലാവരിൽനിന്നും. എനിക്കു ശ്വാസംമുട്ടുന്നു, ശ്വാസംമുട്ടുന്നു.

നിഴൽ

ഞാൻ അതിനു കാത്തു നില്ക്കുകയായിരുന്നു.

കിഴവൻ

ഇതെന്താണു്? ഒന്നാമതു ഞാൻ, ഞാൻമാത്രം. മററുള്ളവരെല്ലാം ഇനിയും ജീവിച്ചിരിക്കുമ്പോരം.

നിഴൽ

അനങ്ങാതിരിക്കു.

കിഴവൻ

എൻെറ നെഞ്ചു മിടിക്കാതായി.

നിഴൽ

അതു ഇനി നിങ്ങൾക്കു തീരെ വേണ്ട.

കിഴവൻ

പക്ഷെ ഞാൻ മരിക്കയാണു്, ഞാൻ മരിക്കയാണു്.

നിഴൽ

അതു നിങ്ങൾ പിറന്നതുകൊണ്ടാണു്.

കിഴവൻ

(ഭയങ്കരമായി നിലവിളിച്ചുകൊണ്ടു്) അയ്യോ...... (മുൻപോട്ടു കുനിയാൻ ഭാവിക്കുന്നു. തലയിണയിൽ മലൎന്നുവീഴുന്നു.)

നിഴൽ

(എഴുന്നേല്ക്കുന്നു. ഉടുപ്പു ദൂരേ എറിയുന്നു. ഒരു ദേവദൂതന്റെ രൂപം പ്രത്യക്ഷമാവുന്നു. വെളുത്തു നീണ്ടു പരന്ന ചിറകു്. വെളിച്ചംകൊണ്ടു രൂപപ്പെടുത്തിയിട്ടുള്ള ശിരസ്സു്. കട്ടിലിന്റെ അടുത്തേയ്ക്കു് ആ രൂപം വരുന്നു.) വരൂ! ഞാൻ നിങ്ങളുടെ മരണം ആയിരുന്നു. ഇപ്പോൾ, ഞാൻ നിങ്ങളുടെ ജീവിതമായി........ഞാൻ നിങ്ങൾതന്നെയാണു്, ഞാൻ നിങ്ങളെ എടുക്കുന്നു....... നമുക്കൊരുമിച്ചു ജീവിക്കാം......വരൂ, നാം എന്നുമെന്നും ജീവിക്കും?........

(ഇരുണ്ട ഒരു നിമിഷം; ജനവാതിൽ ഠേ എന്നു തുറക്കുന്നു. ചിറകിനാൽ മൂടിക്കൊണ്ടു നിഴലും അതിനു വശഗമായ ജീവനും വെളിച്ചത്തിൽ മറയുന്നു.)

പിറക്കാനാ മടി

കവി രചിച്ചിട്ടുള്ള 'The child whic does not want to be born' എന്ന കൃതിയുടെ വിവർത്തനം.

പാത്രങ്ങൾ:

കത്തനാരു്

ഡോക്ടർ

സ്ത്രീ

[പാതവക്കത്ത് ഒരു കുരിശുമാടം. അതിൻെറ മുൻപിൽ വന്നുനില്ക്കുന്നു, ഗ്രാമത്തിലെ കത്തനാരും ഡോക്ടരും.]

കത്തനാര്

ഈ കുരിശുമാടം ഇടിഞ്ഞുവീണു തകരാറായി; അതിന്നു മുൻപു് എന്തെങ്കിലും ചെയ്യണം. ഈ നാട്ടില് ഇതേ ഉള്ള ഒരു സ്മാരകം. ഇതു നശിച്ചുപോകാൻ പാടില്ല.

ഡോക്ടർ

ശരിയാണതു്. ഞാൻ ഇതിനെപ്പററി സംസാരിച്ചിട്ടുണ്ടു്, നഗരാധ്യക്ഷനോടു്. നഗരസഭയിൽ പറയാം, ഇതിൻെറ ശോച്യാവസ്ഥയെക്കുറിച്ചു്........

കത്തനാര്

ഏതാണാ സ്ത്രീ? ഇങ്ങോട്ടു വരുന്നു. ഞാനറിയില്ല അവളെ.

ഡോക്ടർ

'വടക്കു്'ന്നു് ഓടിപ്പോന്ന ഒരനാഥ. ഈ യുദ്ധത്തിൽ കണ്ണിന്നു മുൻപു കണ്ട ഭയങ്കരതകൾകൊണ്ടു പാവത്തിന്നു ഭ്രാന്തുപിടിച്ചു. അവൾ വിചാരിക്കുന്നു, തനിക്കു് ഒരു ഇളംപൈതൽ പിറക്കുമെന്നു്—പിറക്കാനാഗ്രഹമില്ലാത്ത ഇളംപൈതൽ. ആ ഓമനക്കുഞ്ഞു് ഇപ്പോഴും തൻെറ കൈയിലിരിക്കുന്നുണ്ടെന്നാണു് അവ

ളുടെ വിശ്വാസം. അതു പിറന്നാകഴിഞ്ഞിരിക്കുന്നു എന്ന മട്ടിൽ അതിനോടു സംസാരിക്കയാണു്, മറുപടിയിൽ ശ്രദ്ധിക്കയാണു്. നമുക്കു് ഈ കല്ലിന്റെ മറവിലിരിക്കാം. ഈ കുരിശിന്റെ മുൻപിൽ പതിവായി ഈ രംഗം കാണാം.

[ഒരു സ്ത്രീ പ്രവേശിക്കുന്നു. രോമകംബളം പുതപ്പിച്ച കുട്ടി കൈയിലുണ്ടെന്നു തോന്നും.]

[സങ്കല്പശിശുവിനോടു്]

ഹ, നീയെന്താ ചെയ്യണേ? എനിക്കു വേദനിക്കുന്നുണ്ടു്........ഇത്ര തിടുക്കമൊയോ പിറക്കാൻ?........

നീ ചവിട്ടണു........ആ കുഞ്ഞിക്കാലുകൾക്കു് ഇപ്പോൾത്തന്നെ നല്ല കരുത്തുണ്ടു്........നിനക്കു 'പിറക്കണം'ന്നു് ഇല്ല, ഉവ്വോ?........അതു വിഡ്ഢിത്തം....നിന്റെ ഇഷ്ടം നോക്കീട്ടല്ല, അതു്........

നിനക്കു് എന്നെ പിരിഞ്ഞുപോവാൻ വയ്യ, അല്ലേ?

എനിക്കു മനസ്സിലായി, അതു വിചാരിച്ചുഴലേണ്ട, നമുക്കു പിരിയേണ്ട....നീ എപ്പോഴും എന്റെ കൈക്കുട്ടിൽ, എപ്പോഴും, എപ്പോഴും........

ആ ദിവസംവരെ, ഞാനില്ലാതാവുന്ന ആ ദിവസംവരെ, ഞാനൊരുമിച്ചായിരിക്കും എപ്പോഴും നീ. അതിനെപ്പററി സംസാരിക്കാൻ വരട്ടെ.

നിനക്കു പിറക്കണമെന്നില്ലേ? നിനക്കു കൌതുകമില്ലേ ഞാൻ കാണുന്നതൊക്കെ കാണാൻ? ഞാൻ അതെന്താണെന്നു പറഞ്ഞുതരണോ നിനക്കു്?........മനസ്സി

ലാവില്ല നിനക്കതു്.......കണ്ടാലേ മനസ്സിലാവൂ........ കാണണ്ടേ നിനക്ക്?

തല തിരിക്കേണ്ട, കണ്ണടയ്ക്കേണ്ട, കണ്ണു തുറക്കണം' ന്നില്ലേ?

എത്ര മനോഹര'ാണ്. ഒന്നാമതുതന്നെ പകലും രാവും....വെളിച്ചോ'ം നിഴലും. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ....കാണാമോ നിനക്കിതെല്ലാം? ഇല്ല, അല്ലേ?.... നിനക്ക കാണാൻ പാടില്ല?

പേടിയുണ്ടോ?........എന്തിനെപ്പററി പേടി?....... പേടിക്കാനൊന്നും'ല്യ. ഞാനെപ്പോഴും'ണ്ടാവും നിൻെറ കൂടെ........ഈ ലോകത്തിലേയ്ക്കു വരണം'ന്നു''ല്യേ?...... പക്ഷേ വരാണ്ടിരിക്കാൻ പററൂ'ല്യ. അങ്ങനെ'ണ്ടായിട്ടില്ല ഇതിനു മൻപ്യ്. നിനക്കതിൽ താൽപര്യം ഇല്ല്യേന്നോ? നീയൊരത്ഭുതസൃഷ്ടി....പക്ഷേ ഇങ്ങനെ ചിരിക്കരുതു്........ആളുകളത്ഭുതപ്പെട്ടും ഇവിടെ എന്താ നടക്കണേ'ന്ന്........അടങ്ങിയിരിക്ക........

നീ പിറന്നാൽ രസമായി പിന്നെ. ഞാൻ നിനക്ക പാവകളെ വെച്ചിട്ടുണ്ട്, പാവകളെ......പാവകൾ വേണ്ടേ നിനക്ക്?....നിനക്ക വേണം'ല്ലേ ഒരു മരക്കുതിര? ഒരു തോക്ക്? ഒരു വണ്ടി?........ഹാ, എനിക്ക മനസ്സിലായി. ആളൊരു ആൺകുട്ടിയാണ്. പുകവലിക്കണ ഒരു കുഴലാ വേണ്ടതു്....കൊള്ളാം, ആട്ടെ. ഒരു ആൺകുട്ടിക്ക വലുപ്പം കൂടും, ബലം കൂടും, ഗൌരവം കൂടും. നാലു പെൺകുട്ടികളുടെ വിലയുണ്ടു് ഒരാൺകുട്ടിക്ക്. എനിക്ക നിന്നെ നാലുതവണ കൂടുതൽ ഉമ്മവെയ്ക്കണം........

നമ്മൾ എങ്ങനെയാ തമ്മിൽ അറിയുക! നമ്മൾ എങ്ങനെ പരസ്പരം അറിയുന്നു.

നമുക്ക് ഇരിക്കാം സുഖമായി........ആളുകൾ അറിയില്ല........നമുക്കുമാത്രമേ അറിയാവൂ........നിനക്കറിയാമോ സുഖമായിരിക്ക’ന്നുവെച്ചാൽ എന്താ’ന്ന്....ഇല്ല....എനിക്കുതന്നെ ഇനിയും അതറിഞ്ഞുകൂടാ........നമ്മൾ രണ്ടുപേരാവണം അതു കണ്ടെത്താൻ........

ഞാൻ ഇനിയും കണ്ടിട്ടില്ല നിന്നെ. നീ എന്നേ’ം. ഇതു ജീവിക്കലല്ല........എനിക്കു നിന്നെ ഒന്ന് ഉമ്മവെക്കാൻകൂടി പററില്ലല്ലോ....ഇതവസാനിക്കണം....

ഹ, നീ വേദനിപ്പിക്കണ്ട എന്നെ........ഞാനതു സാരമാക്കണില്ല, പക്ഷേ....നിനക്ക് ഇങ്ങോട്ടു വരണം’ന്ന് ഇല്ലേ? ഇല്ലെങ്കിൽ, നീ എന്തു ചെയ്യും, എവിടെപ്പോവും, ഇവിടെ പിറക്കാതിരുന്നാൽ?........

ഭൂമിയിലിടമുണ്ടാവില്ല നിനക്ക്....നിന്നെ അവർ കുഴിച്ചുമൂടും മണ്ണിനടിയിൽ, എനിക്കു ഭ്രാന്തുപിടിക്കും....

മരിക്കാൻവേണ്ടി ജനിക്കാൻ നിനക്കു കഴിയില്ല, എന്നോ?....ജനിക്കാതിരിക്കുന്നതാ മരണം. ജീവിച്ചതു മരിക്കില്ല.

നിനക്കു പരീക്ഷിക്കണം’ന്ന് ഇല്ലന്നോ?........ഒരപകടോ’ം വരാനില്ല നിനക്ക്........അതുകൊണ്ടൊരു ചുമതലേം ആവില്ല........

നിനക്ക് ഒരു പടയാളിയാവേണ്ടേന്നോ? കാലുറക്കുമ്പോഴേക്കും യുദ്ധത്തിൻെറ ഭയങ്കരതകളിലേക്കു വലിച്ചെറിയാൻ എന്തിനു ജനിക്കുന്നു, അല്ലേ?........

അതിന്റെ കൂട്ടുകാരത്തവർ ആയിരമായിരം ഉണ്ടെന്നോ?.......പക്ഷെ അവരെന്താണു് ചെയ്യുന്നതെന്നു് എങ്ങനെ അറിയാം അവക്കു്?.......

എല്ലാം അറിയുന്നതുകൊണ്ടോ?......

എങ്ങനെ അവരെല്ലാം അറിയും?.......

അവർ ഇനിയും പിറന്നിട്ടില്ലാത്തതുകൊണ്ടോ?...

പക്ഷെ കൊച്ചുവിസ്റ്റി, എല്ലാം അറിയാമെന്നു വിചാരിക്കാറുണവർ. അവക്കു് ഇനിയും അറിഞ്ഞുകൂടാ യുദ്ധം ഉണ്ടാവില്ലെന്നു്, യുദ്ധം എന്നേയ്ക്കുമായി അവസാനിച്ചുവെന്നു്. ഒടുക്കം മനുഷ്യർ മനസ്സിലാക്കി തമ്മിൽ കൊല്ലുന്നതുകൊണ്ടു സുഖത്തെ കണ്ടെത്താൻ കഴിയില്ലെന്നു്.

ആട്ടെ, നിനക്കെന്തുവേണം?.......നിനക്കു ബുദ്ധിയില്ല.......നിനക്കു വേണ്ടതു് ഒന്നും ഇല്ലേ?

ഒരു ഇല്ലാവസ്ഥ ഇല്ല. അതെങ്ങനെയുണ്ടാവും?...

കുറെക്കഴിഞ്ഞു്, നീ വലുതാവുമ്പോൾ ഞാൻ നീമൂലം ദുഃഖിക്കേണ്ടിവരും, എന്നോ?.......

നിനക്കു വലിയൊരപരാധം ചെയ്യേണ്ടിവരുമോ? അതും സംഭവ്യമല്ല.......

അതു നിശ്ചിതമാണെന്നോ? എന്നാലോ? ആ അപരാധം പ്രവർത്തിക്കും, എന്നാലും ഞാൻ സ്നേഹിക്കും നിന്നെ. നീ എന്തു ചെയ്താലും, നീ ജീവിച്ചിരിക്കുന്ന കാലത്തോളം ഞാൻ കരയില്ല.

നിനക്കെന്നെ ദുഃഖിപ്പിക്കാൻ കഴിയും വാസ്തവം തന്നെ; അതു കണക്കാക്കാനില്ല...എനിക്കു നീയുണ്ടു

ങ്കിൽ, എപ്പോഴം നീ എനിക്കുണ്ടെങ്കിൽ, എന്നാണാ ലെന്താ?.......

ജീവിതം വ്യർത്ഥമാണെന്നോ? ആരു പറഞ്ഞു അതു്? മരണത്തിന്റെ സ്വാദറിയണമെങ്കിൽ ജീവിച്ചിട്ടുണ്ടാവണം കുറിക്കൽ.......

നീ ഈ ലോകത്തിലേയ്ക്കു വന്നില്ലെങ്കിൽ, നിനക്കൊന്നുമുണ്ടാവാനില്ല........

വരു, ഓമനേ, വരു. ഒരു ഖേദവും വരില്ല. വിറയ്ക്കേണ്ട, അങ്ങനെ കരയല്ലേ.......

നിനക്കു് എന്തു പററി? നിന്റെ ഈ വിങ്ങിക്കരച്ചിൽ എന്നെക്കൊല്ലും.

നിനക്കു് എന്തു പററി?...മോഹാലസ്യമോ?....

നീ എന്താ ചെയ്യുണേ? നീ എവിടെ പോണു? നിനക്കു തീരെ കനം തോന്നണില്ല. നീ ശ്വാസം വിട്ടുന്നതു കേൾക്കണില്ലല്ലോ.......

നിന്റെ പിഞ്ചുകൈയെവിടെ? തടവിനോക്കിയിട്ടു തടയണില്ലല്ലോ....എവിടെ ആ ഇളംപിഞ്ചുകയ്യ്?

ആരാ നിന്നെ അപഹരിക്കണേ?....ഇതെന്തു്?.... പക്ഷെ അങ്ങനെ വരാൻ വയ്യ......

(ശൂന്യമായ കംബളം കുടഞ്ഞുകൊണ്ടു്)

അല്ലാ, നീ ഇവിടെ ഇല്ലല്ലോ.......എനിക്കൊന്നും ശേഷിച്ചിട്ടില്ലേ?.......

ഈ ലോകത്തിൽ ഒന്നുമില്ല എനിക്കു്!

(ഏങ്ങിയേങ്ങിക്കരഞ്ഞുകൊണ്ടു കമഴ്ന്നടച്ചുവീഴുന്നു)

(കത്തനാരും ഡോക്ടരും ഓടിച്ചെല്ലുന്നു.)

ഡോക്ടർ

(പതുക്കെ പൊക്കി ഒരു മരത്തിന്മേൽ ചാരിയിരുത്തീട്ട്)........അല്പം ഭേദം തോന്നുന്നുണ്ടോ? ഈ മരത്തിന്റെ തണലിൽ ഇത്തിരിയൊന്നു വിശ്രമിക്കു. ആപദ്ഘട്ടം കഴിഞ്ഞു. സാരമില്ല........ഇനിയും പിറന്നില്ലേ അവൻ?

സ്ത്രീ

വീണ്ടും അവർ അവനെ കൊണ്ടുപോയി എന്റെ അടുക്കൽനിന്നു്.

ഡോക്ടർ

ആരു കൊണ്ടുപോയി അവനെ?

സ്ത്രീ

ആ ആളുകൾ, അതേ ആളുകൾ.

ഡോക്ടർ

പേടിക്കണ്ട. ഞങ്ങൾ അവനെ കണ്ടുപിടിക്കാം.

സ്ത്രീ

അനശ്വരനാണവൻ.

കത്തനാരു്

നമ്മളെല്ലാവരുംപോലെ........

ഡോക്ടർ

ഞങ്ങൾ വീട്ടിലെയ്ക്കു കൊണ്ടുപോകാം.

[ആ സ്ത്രീയെ താങ്ങിക്കൊണ്ടു് അവർ പോകുന്നു.]

"നിങ്ങൾ ജനിക്കുമ്പോൾ മരിക്കയാണു്; പിന്നെയെന്തിനു സ്വയം കൊല്ലുന്നു?"

4904

# ഇ

# മരിക്കാനും പിറക്കാനും പേടി

